ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഡോക്ടർമാരെ അറസ്റ്റ് ചെയ്ത് കൊണ്ടുപോയി ജോലി ചെയ്യിപ്പിക്കാനുള്ള അധികാരം ഗവൺമെന്റിനില്ല. ഡോക്ടർമാരെ പോസ്റ്റ് ചെയ്യാം. അവർ പോയി ജോയിൻ ചെയ്തില്ലെങ്കിൽ അവരുടെ പേരിൽ നടപടി എടുക്കാനുള്ള അധികാരം ഗവൺമെന്റിനില്ല.

ശ്രീ. കെ. പി. മോഹനൻ : സർ, ഇവിടെ ശ്രീ മത്തായി ചാക്കോയും ശ്രീ. യു.സി. രാമനും പറഞ്ഞതുപോലെ ഇന്ത്യയിലെ തന്നെ, ഏറ്റവും കൂടുതൽ ഗർഭിണികൾ പ്രവേശിപ്പിക്കപ്പെടുന്ന ആശുപത്രിയാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി. അവിടെ 64 കിടക്കകളുള്ള വാർഡാണ് ഉള്ളത്. 100-ഉം 150-ഉം 200-ഉം ഗർഭിണികൾ അവിടെ കിടക്കുകയാണ്. അത് മാത്രമല്ല എം. ബി. ബി. എസ്., എം. ഡി. എന്നീ സെമസ്റ്റർ പരീക്ഷ നടക്കുമ്പോൾ ഗർഭിണികളെ പുറത്ത് വരാന്തയിൽ കിടത്തുകയാണ്. അതുകൊണ്ട് പരീക്ഷ നടത്തുമ്പോൾ രോഗികളെ കിടത്താൻവേണ്ടി പ്രത്യേക ക്ലിനിക് ഏർപ്പെടുത്താൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ആ കാര്യം പരിശോധിക്കാവുന്നതാണ്.

സ്റ്റേറ്റ് അർബൻ ഡവലപ്മെന്റ് പ്രോജക്ട്

*2. [126] ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. വി. കെ. സി. മമ്മത്കോയ :

„ സാജു പോൾ :

„ എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് അർബൻ ഡവലപ്മെന്റ് പ്രോജക്ട് എന്ന പേരിൽ പുതിയ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എ. ഡി. ബി. യിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ; എ. ഡി. ബി. ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടിഅഹമ്മദ്കുട്ടി): സർ,

(എ) പ്രസ്തുത പേരിൽ ഒരു പദ്ധതി നിലവിലില്ല. എന്നാൽ എ. ഡി. ബി. ധനസഹായത്തോടെ കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകളുടെ സുസ്ഥിര വികസനം ലക്ഷ്യമിടുന്ന കേരള സസ്റ്റെനബിൾ അർബൻ

LIBRARY ARCHIVES Kerala Legislative Assembly

ഡവലപ്മെന്റ് പ്രോജക്ട് (കേരള സുസ്ഥിര നഗര വികസന പദ്ധതി) എന്ന പേരിൽ ഒരു പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

(ബി) ഇതിനായി നിയമിക്കപ്പെട്ട കൺസൾട്ടന്റുമാർ തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇതിനായി എ. ഡി. ബി. ധനസഹായം ഇതുവരെ ലഭിച്ചിട്ടില്ല.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, മെട്രോ നഗരങ്ങളാകാൻ സാദ്ധ്യതയുള്ള നഗരങ്ങളെ രാഷ്ട്രീയ ലക്ഷ്യത്തോടെ വെട്ടിമുറിച്ച് വികസനം മരവിപ്പിക്കുന്നത് കേരളത്തിലെ വൻ നഗരങ്ങൾക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട അർഹമായ സഹായം നഷ്ടപ്പെടുത്താൻ ഇടയായിട്ടുണ്ട് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു നടപടിയാണ് ഈ കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, മെട്രോ നഗരങ്ങൾ വെട്ടിമുറിച്ചതുമൂലം കേന്ദ്രത്തിൽനിന്നും ധനസഹായം നഷ്ടപ്പെട്ടിട്ടില്ല. അങ്ങനെ നഗരങ്ങളെ വെട്ടിമുറിച്ചിട്ടുമില്ല.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : കേരളത്തിലെ ഏതൊക്കെ നഗരങ്ങളാണ് മെട്രോ നഗരങ്ങളായി വികസിപ്പിക്കുവാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; കൂടാതെ പാലക്കാട് പോലുള്ള തിരക്കേറിയ പട്ടണങ്ങളുടെ വികസനത്തിന് ഈ പദ്ധതി പ്രകാരം എന്തെങ്കിലും തുക മാറ്റിവച്ചിട്ടുണ്ടോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : പദ്ധതി നിർവ്വഹണത്തിന്റെ ആദ്യ പടിയായി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകൾക്കാണ് ധനസഹായം ലഭ്യമാക്കുന്നത്. മറ്റ് നഗരസഭകൾക്ക് സഹായം ലഭ്യമാകുന്നത് പദ്ധതിയുടെ ഭാഗമായി രൂപീകരിക്കേണ്ട നഗര വികസന നിധിയിൽനിന്നുമായിരിക്കും. അത് അടുത്ത ഘട്ടത്തിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, കേരള സുസ്ഥിര നഗര വികസന പദ്ധതിയിൽ കോർപ്പറേഷനുകൾ നൽകുന്ന തുക തിരിച്ചടക്കേണ്ടതില്ല എന്ന് വകുപ്പുമന്ത്രിയും പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് ഈടാക്കുമെന്ന് ധനമന്ത്രിയും പ്രഖ്യാപിച്ചതായി കണ്ടു. തിരച്ചടയ്ക്കാൻ തയ്യാറല്ല എന്ന് കോർപ്പറേഷൻ അധികൃതരും പറഞ്ഞു. ഈ സാഹചര്യത്തിൽ എങ്ങനെയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഇതിനെക്കുറിച്ച് വ്യക്തമായ ഒരു നിർദ്ദേശം കാബിനറ്റ് അംഗീകരിച്ചിട്ടുണ്ട്. ഇത് തിരിച്ചടയ്ക്കേണ്ടത് കോർപ്പറേഷനുകളാണ്. കോർപ്പറേഷനുകൾ തിരച്ചടയ്ക്കുമ്പോൾ തിരിച്ചടയ്ക്കാനുള്ള തുക അധിക സഹായമായി കോർപ്പറേഷനുകൾക്ക് ഗവൺമെന്റ് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, നഗര വികസന പദ്ധതിയിലെ സേവനങ്ങൾക്ക് നിർബന്ധമായും ഫീസ് പിരിക്കണമെന്ന് എ. ഡി. ബി. യിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി വഴി നൽകുന്ന സേവനങ്ങൾക്ക് ഫീസ് നൽകേണ്ട സ്ഥിതിയുണ്ടോ ; ഫീസ് ഈടാക്കുന്നതിന് ഫീസ് റഗുലേറ്ററി അതോറിറ്റി വേണമെന്ന് എ. ഡി. ബി. നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാര്യത്തിൽ സർക്കാർ നിലപാട് എന്താണ് ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: അതിന്റെ അന്തിമരൂപം ഇതുവരെ ആയിട്ടില്ല. കേരള സംസ്ഥാനത്തിന് ദോഷകരമാകുന്ന ഒരു കാര്യവും കേരള സർക്കാർ അനുവദിക്കുന്നതല്ല.

ശ്രീ. സാജു പോൾ : സർ, ബഹുദൂരം അതിവേഗം കേരളത്തെ നരകത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റ് 1,500 കോടി രൂപയുടെ പ്രോജക്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. അങ്ങനെ എ. ഡി. ബി. യുടെ വായ്പ എടുക്കുമ്പോൾ 70 ശതമാനം എ. ഡി. ബി. യും 15 ശതമാനം വീതം സർക്കാരും കോർപ്പറേഷനുകളും നൽകുമെന്ന് പറഞ്ഞിരുന്നു. കോർപ്പറേഷനുകൾ നൽകേണ്ട 15 ശതമാനവും അതുപോലെ വായ്പ തിരച്ചടവും അധിക പദ്ധതി വിഹിതമായി നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. 3 ശതമാനം വാർഷിക പലിശ കൂടാതെയാണ് ഇത്. 1,500 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ വേണ്ടി 450 കോടി രൂപ ഗവൺമെന്റ് നൽകണം. അതിനായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഇവിടെ അതിവേഗം ധൃതഗതിയിൽ കേരളത്തെ വികസനത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്ന ഈ സർക്കാർ ഏറ്റവും ചുരുങ്ങിയ പലിശയ്ക്കാണ് എ. ഡി. ബി. യിൽ നിന്നും വായ്പ എടുക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ സംസ്ഥാനത്തിന്റെ താല്പര്യത്തെ ദോഷകരമായി ബാധിക്കുന്ന ഒരു കരാറിലും സംസ്ഥാന സർക്കാർ ഏർപ്പെടുന്നതല്ല.

ശ്രീ. സാജു പോൾ : ഈ വകുപ്പു വഴി ബഹുമാനപ്പെട്ട മന്ത്രി വളരെയേറെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നതായി പറഞ്ഞു. ഏറ്റവും ഒടുവിൽ ഗവൺമെന്റ് പുറത്തിറക്കിയ പുസ്തകത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വിഭവത്തിന് പകരം യഥാർത്ഥത്തിൽ കൂടുതൽ പരിഭവമാണുള്ളത്. കൃത്യമായി എല്ലാ മാസവും പദ്ധതി തുക നൽകി എന്നുള്ളതടക്കം രേഖപ്പെടുത്തി ക്രമമായി പദ്ധതി വിഹിതം എല്ലാ മാസവും നൽകി എന്നു പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം കൃത്യമായി നൽകുകയോ അത്തരം പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അത് ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യസമയത്ത് ഗഡുക്കൾ കൊടുക്കാൻ ഈ ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു പരിഭവവും ഇല്ല; മാത്രവുമല്ല, ഈ വർഷം 5 ഗഡുക്കൾ ഒന്നിച്ച് നൽകിയിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ : സർ, സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ടുമാത്രമേ ഇത്തരം ഒരു കരാറിൽ ഏർപ്പെടുകയുള്ളു എന്നാണ് പറഞ്ഞത്, ഏറ്റവും ചുരുങ്ങിയത് കോർപ്പറേഷനുകളുടെ താല്പര്യം എങ്കിലും സംരക്ഷിക്കാൻ കഴിയുമോ ? ഈ ആശങ്കയാണ് നഗരസഭകൾക്കുള്ളത്. അങ്ങ് പറഞ്ഞു, പദ്ധതി രൂപപ്പെട്ടുകഴിഞ്ഞിട്ടില്ല എന്ന്. മേയ് മാസം 16-ാം തീയതി മസ്കറ്റ് ഹോട്ടലിൽ നടന്നിട്ടുള്ള ചർച്ചയിൽ നിങ്ങൾ തന്നെ വിതരണം ചെയ്ത കുറിപ്പ് അനുസരിച്ച് ശുദ്ധജല വിതരണം, സീവറേജ്, ഖരമാലിന്യ നിർമ്മാർജ്ജനം, റോഡുകളും ഗതാഗത സൗകര്യവും, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങി വിവിധയിനങ്ങളിൽ ഓരോ കോർപ്പറേഷനും എത്രയെത്ര തുകയെന്നും പദ്ധതികൾ ഏതെന്നും ഉള്ളതിന്റെ കരട് രൂപം തയ്യാറാക്കിയിരിക്കുകയാണ്. ഈ പദ്ധതി തയ്യാറാക്കുന്നതിൽ സുതാര്യതയില്ല, സ്വകാര്യത മാത്രമേയുള്ളു. ഏറ്റവും ചുരുങ്ങിയത് ജനപ്രതിനിധികൾക്ക് ഇതിന്റെ നടത്തിപ്പിൽ ഗൗരവമായ പങ്കാളിത്തം ഉണ്ടാകണ്ടേ, അതില്ല. പദ്ധതിയുടെ മേൽനോട്ടത്തിനായി സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും നഗരവികസന വകുപ്പ് സെക്രട്ടറി കൺവീനറായും ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിൽ മേയർമാർ മാത്രമാണ് കോർപ്പറേഷനുകളെ പ്രതിനിധീകരിച്ച് മെമ്പർമാരായിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ആരും ഇല്ല. കൗൺസിലിലുള്ള അംഗങ്ങൾ ആരും ഇല്ല. എന്നിട്ടും തുടർന്നും പറയുകയാണ്, പദ്ധതിയുടെ നടത്തിപ്പിനായി മുഴുവൻ സമയ പ്രോജക്ട് ഡയറക്ടറേയും മറ്റ് ഉദ്യോഗസ്ഥന്മാരേയും നിയമിച്ചിട്ടുണ്ട് എന്ന്. അപ്പോൾ ഒരു ഉദ്യോഗസ്ഥ രാജിലൂടെ ജനപ്രാതിനിധ്യ നിയമത്തിന്റെ, ഭരണഘടനയുടെ സത്തയനുസരിച്ച് രൂപീകരിക്കപ്പെട്ട, ജനങ്ങൾ തെരഞ്ഞെടുത്ത നഗരസഭകളെ മറികടന്നുകൊണ്ട് ഒരു ഉദ്യോഗസ്ഥ രാജ് സ്വകാര്യമായി നടപ്പാക്കാൻ വേണ്ടി എന്തിന് ഇത്തരത്തിൽ ഒരു പദ്ധതി കൊണ്ടുവന്നു ? സ്റ്റിയറിംഗ് കമ്മിറ്റിയിൽ ആവശ്യമായ സുതാര്യത വരുത്താൻ പറ്റും വിധത്തിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്താൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഇതിനാവശ്യമായ സുതാര്യതയുണ്ട്, കോർപ്പറേഷനുകളുടെ മേയർമാരെ വിളിച്ചു ചേർത്ത് ചർച്ച ചെയ്ത് അവരുടെ ഇച്ഛയ്ക്കനുസരിച്ചാണ് പദ്ധതി തയ്യാറാക്കിയത്. അവരൊക്കെ അതിന് സമ്മതം മൂളിയിട്ടുമുണ്ട്.

ശ്രീ. എം. വി. ജയരാജൻ : സർ, കോർപ്പറേഷൻ മേയർമാർ എന്തടിസ്ഥാനത്തിൽ സമ്മതം മൂളിയെന്ന് എനിക്കറിയില്ല. ഏതായാലും സമ്മതം നൽകിയെന്നാണ് പറയുന്നത്. ഞാൻ ഇവിടെ ചോദിക്കാനുദ്ദേശിക്കുന്നത് മൂന്ന് ഭാഗമായിട്ടാണ് ഈ പദ്ധതി വിഭജിച്ചിരിക്കുന്നത്—നഗര സേവനവും അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും, നഗര മാനേജ്മെന്റ് സംവിധാനങ്ങൾ കാര്യക്ഷമമാക്കൽ, കേരള തദ്ദേശ സ്വയംഭരണ വികസന നിധി രൂപീകരണം.

ഇതിൽ ഏറ്റവും പ്രധാനമായി നഗരങ്ങളിലുള്ള ഒരു പ്രശ്നം ചേരികളിൽ, ദാരിദ്ര്യ രേഖയ്ക്ക് താഴെയെന്ന് പറയാൻ പറ്റുമോയെന്ന് എനിക്കറിയില്ല, പട്ടിണിപ്പാവങ്ങളായ ആളുകൾ താമസിക്കുന്നു; അവരിൽ പലരും സാമൂഹ്യവിരുദ്ധ സ്വഭാവത്തോടുകൂടി പ്രവർത്തിക്കുന്ന ചില ഗാംഗുകളിൽപ്പെടുന്നു, അതിനെല്ലാം സൗകര്യപ്പെടുന്നവിധത്തിൽ നഗരങ്ങളുടെ അന്തരീക്ഷം മാറുന്നു. അതുകൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജനം മുഖ്യമായ അജണ്ടയായി കണക്കിലെടുത്തുകൊണ്ട് ഇത്തരത്തിൽ ഒരു പദ്ധതി—കെ. യു. ഡി. എഫ്. സി. എന്ന കേരള അർബൻ ഡവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ വഴിയുള്ള ധനസമാഹരണത്തിലൂടെ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇവിടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തെപ്പറ്റി പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട ചർച്ചയിൽ ഞാൻ പ്രധാനമായി ആവശ്യപ്പെട്ടത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കൂടുതൽ തുക നീക്കി വയ്ക്കണമെന്നാണ്. ഇത് അവിടെ നടന്ന ചർച്ചയിൽ അവർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഇതിൽ കുറേ തുക നീക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട്. മറ്റു കാര്യങ്ങളെ സംബന്ധിച്ചു പറഞ്ഞാൽ, നഗരങ്ങൾക്ക് കൊടുക്കേണ്ട ധനസഹായം നൽകുന്നതിന് ഉതകുന്ന രീതിയിൽ കെ. യു. ഡി. എഫ്. സി.-യെ മാറ്റിയെടുക്കേണ്ടതാണ്. അത് മാറ്റിയെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വർക്കല കഹാർ: സർ, കഴിഞ്ഞ നായനാർ സർക്കാറിന്റെ ഭരണ കാലത്ത് മുൻസിപ്പൽ ആക്ടിൽ ഭേദഗതി വരുത്തി മെട്രോ നഗരം ആക്കാനുണ്ടായിരുന്ന വ്യവസ്ഥകളെ അട്ടിമറിക്കുകയുണ്ടായി, അത് ഈ സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതുപോലെ നഗരമേഖലയിലെ ഗ്രാമപഞ്ചായത്തുകളിൽ കൂടി ഡവലപ്മെന്റ് പ്രോജക്ടുകളുടെ പ്രയോജനം ലഭ്യമാക്കാമോ? കോർപ്പറേഷൻ മാത്രമല്ലല്ലോ നഗരം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഗ്രാമങ്ങളിലേക്കുകൂടി സമഗ്രമായ വികസന പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ഡോക്ടർ തോമസ് ഐസക് : കൺസൽട്ടന്റുമാർ തയ്യാറാക്കിയ സുസ്ഥിര നഗര വികസന പദ്ധതിയുടെ കരട് സർക്കാർ ഇപ്പോഴും പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്നും അന്തിമ രൂപം നൽകിയിട്ടില്ല എന്നും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായി ഒന്നും ഉൾപ്പെടുത്തിയിട്ടില്ലയെന്നും പറഞ്ഞത് നന്നായി. ഈ പശ്ചാത്തലത്തിൽ അങ്ങയുടെ ശ്രദ്ധ ഒരു കാര്യത്തിലേയ്ക്ക് ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്-വാട്ടർ സപ്ലൈ, സീവറേജ്, റോഡ്, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ഇങ്ങനെ നമ്മുടെ നാട്ടിൽ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾക്കുവേണ്ടിയാണ് പണം ചെലവഴിക്കാൻ പോകുന്നത്. എസ്റ്റിമേറ്റുകൾ നോക്കിയാൽ ഇതിൽ പലതിലും inflated ആണ്. 40 ശതമാനം വരെ

LIBRARY ARCHIVES Kerala Legislative Assembly

ചിലയിനങ്ങളിൽ കൂടുതലാണ് എന്ന് മാത്രമല്ല പ്രോജക്ട് കോസ്റ്റിന്റെ മൂന്നിലൊന്ന് കപ്പാസിറ്റി ബിൽഡിംഗ്, കൺസൽട്ടൻസി എന്നൊക്കെ പറഞ്ഞ് കൊടുത്തിരിക്കുകയാണ്. അങ്ങനെ വിമർശനം വന്നു കഴിഞ്ഞപ്പോൾ ഇപ്പോൾ പുതുക്കിയ കരട് റിപ്പോർട്ടിൽ ചെയ്തിരിക്കുന്നത്,.....കൊച്ചിയുടേത് ഞാൻ വായിക്കാം. 290 കോടി രൂപയുടെ പ്രോജക്ട് അതിൽ കൺസൽട്ടൻസിക്ക് 12.8 കോടി രൂപ, കൺണ്ടിജൻസി 80 കോടി രൂപ. പ്രോജക്ട് കോസ്റ്റിന്റെ നാലിലൊന്നിൽ ഏറെ കൺണ്ടിജൻസി ഫണ്ട് വരുന്ന എന്തെങ്കിലും നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ ? അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എന്റെ ചോദ്യം ഈ കൺസൾട്ടന്റുമാർ തയ്യാറാക്കിയ ടെക്നിക്കൽ റിപ്പോർട്ട് നമ്മുടെ നാട്ടിലുള്ള സംവിധാനങ്ങൾ വച്ച് കൃത്യമായി പരശോധിക്കുന്നതിന് സർക്കാർ തയ്യാറാകുമോ എന്നാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇത് വിശദമായ ചർച്ചകൾക്ക് ശേഷമാണ് തയ്യാറാക്കിയത്. ഈ കാര്യത്തെക്കുറിച്ചൊക്കെ മേയർമാരുമായും നമ്മുടെ നാട്ടിലെ സാങ്കേതിക വിദഗ്ദ്ധന്മാരുമായിട്ടൊക്കെ ചർച്ച ചെയ്തതിനുശേഷമാണ് റിപ്പോർട്ട് ഈ രൂപത്തിലേയ്ക്ക് എത്തിയത്.

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : സർ, കേരള സുസ്ഥിരനഗര വികസന പദ്ധതിയെ സേവനപ്രദാന പദ്ധതിയുമായി ഏതു രീതിയിലെങ്കിലും ബന്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ, സേവനപ്രദാന പദ്ധതിയുമായി ഈ സുസ്ഥിര നഗര വികസന പദ്ധതിയെ ലിങ്ക് ചെയ്യുന്നതിനുള്ള എന്തെങ്കിലും ഏർപ്പാടുകൾക്ക് ഉദ്ദേശ്യമുണ്ടോ ? അതുപോലെ കോർപ്പറേഷനുകളിൽനിന്ന് ഗ്രാമ പഞ്ചായത്തുകളിലേക്ക് എത്തുന്നതിന് മുമ്പുതന്നെ നഗരങ്ങളിലേയ്ക്കും മുൻസിപ്പാലിറ്റികളിലേയ്ക്കുംകൂടി ഇത് വ്യാപിപ്പിക്കുന്നതിനുള്ള അടിയന്തിര ശ്രദ്ധ കൊടുക്കുമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇപ്പോൾ കൊണ്ടുവന്ന പദ്ധതികൾ കോർപ്പറേഷനുകൾക്കാണ്. ഇനി മുൻസിപ്പാലിറ്റികളിൽ എന്തൊക്കെ നടപ്പാക്കാൻ കഴിയും എന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, നഗരവികസനത്തെക്കുറിച്ച് പദ്ധതി തയ്യാറാക്കുന്ന മന്ത്രിയോട് രാഷ്ട്രപതിയുടെ ഒരു സ്വപ്ന പദ്ധതി എന്നുള്ള നിലയിൽ കേന്ദ്ര സാമൂഹ്യക്ഷേമ മന്ത്രാലയം രാജ്യത്തെ വിവിധ ജില്ലകളിലെ പ്രധാനപ്പെട്ട സംസ്ഥാനങ്ങൾ ചേർത്തുകൊണ്ട് ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. 'പുര' എന്നാണ് ആ പദ്ധതിയുടെ പേര് (Providing Urben Amenities in Rural Areas) ഇതിലേക്കായി രൂപീകരിച്ച കളക്ടർമാർ ചെയർമാന്മാരായിട്ടുള്ള കമ്മിറ്റികൾ ചില ജില്ലകളേയും, പട്ടണങ്ങളേയും കേന്ദ്രീകരിച്ചുകൊണ്ട് അതിന്റെ തൊട്ടടുത്ത ചില പഞ്ചായത്തുകളിൽ പട്ടണത്തിന്റെ സൗകര്യം ഉണ്ടാക്കുക എന്ന നിലയിൽ വികസിപ്പിക്കാനാവശ്യമായ ഒരു പദ്ധതിയാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കാനാവശ്യമായ ശ്രമം നടത്തുന്നതിനോടൊപ്പം 'പുര' എന്ന സ്കീം നേടിയെടുത്ത് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യം നമ്മുടെ നഗരപ്രദേശത്തോടൊപ്പം ഗ്രാമപ്രദേശത്തുള്ള പഞ്ചായത്തുകൾക്കും ലഭ്യമാക്കാൻ ആവശ്യമായ ഒരു ഇടപെടൽ അങ്ങ് നടത്തുമോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, റൂറൽ ഡവലപ്മെന്റിന്റെ കീഴിലാണ് ആ പദ്ധതി നടപ്പിലാക്കുന്നത് എന്നാണ് എന്റെ അറിവ്. പക്ഷെ ഏതു നഗരപ്രദേശത്ത് അത് നടപ്പാക്കുമ്പോഴും അതിന്റെ സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ആ പദ്ധതി നടപ്പിലാക്കുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, നേരത്തെ കണ്ണൂർ ഡവലപ്മെന്റ് അതോറിറ്റി നിലവിലുണ്ടായിരുന്നതാണ്. പിന്നീട് നിർത്തി. കണ്ണൂർ ഡെവലപ്മെന്റ് അതോറിറ്റി കണ്ണൂരിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് നേരത്തെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. ആ മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ? കണ്ണൂർ ഡവലപ്മെന്റ് അതോറിറ്റി പുനഃസ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇത് അവിടെനിന്നുള്ള അഭിപ്രായമാണോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഡെവലപ്മെന്റ് അതോറിറ്റികൾ വേണ്ട എന്നുള്ളതാണ് അവിടെനിന്നുള്ള അഭിപ്രായം എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. പിന്നെ ഡെവലപ്മെന്റ് അതോറിറ്റി പുനഃസ്ഥാപിക്കണം എന്നുണ്ടെങ്കിൽ അക്കാര്യത്തെക്കുറിച്ച് ഗവൺമെൻറ് പരിശോധിക്കാം.

ടെലി മെഡിസിൻ

*3. [127] ശ്രീ. സ്റ്റീഫൻ ജോർജ്:

„ തോമസ് ഉണ്ണിയാടൻ :

„ ജോസഫ് എം. പുതുശ്ശേരി :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ടെലി മെഡിസിൻ' സമ്പ്രദായം നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സംരംഭം കൈവരിച്ചിട്ടുള്ള പുരോഗതിയും ഏതെല്ലാം ആശുപത്രികളിലാണ് ഈ സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly